**പഞ്ചായത്ത് ഡയറക്ടറുടെ നടപടിക്രമങ്ങൾ.**
**(ഹാജർ- എച്ച്. ദിനേശൻ ഐ.എ.എസ്.)**

വിഷയം:- പഞ്ചായത്ത് വകുപ്പ്:- ജീവനകാര്യം - സാമൂഹ്യ മാധ്യമത്തിൽ അപകീർത്തികരമായ പരാമർശം നടത്തുകയും വളരെ മോശമായ പദപ്രയോഗവും, ഭാഷാ പ്രയോഗവും നടത്തുകയും ചെയ്ത് അച്ചടക്ക ലംഘനം നടത്തിയ ഇടുക്കി ജില്ലയിലെ വണ്ണപ്പുറം ഗ്രാമ പഞ്ചായത്തിലെ അക്കൌണ്ടന്റായ ശ്രീ. സി. ഡി. രാജേഷിനെ സ്ഥലംമാറ്റി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:-

1. ഈ കാര്യാലയത്തിലെ 27/10/2022 ലെ PAN/15818/2022-D8 (DP) നമ്പർ അനൌദ്യോഗിക കുറിപ്പ്.
2. ഈ കാര്യാലയത്തിലെ 21/10/2022 ലെ PAN/15818/2022-D8 (DP) നമ്പർ കത്ത്
3. ഇടുക്കി പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 25/10/2022 ലെ DDP-IDK/11052/2022-B1 നമ്പർ കത്ത്
4. ഉദ്യോഗസ്ഥ ഭരണ പരിഷ്കാര (സി ) വകുപ്പിന്റെ 31/01/2017 ലെ 78/ഉപ.സി2/2017/ഉപഭവ നമ്പർ സർക്കുലർ
5. പഞ്ചായത്ത് ഡയറക്ടറുടെ 26/09/2017 ലെ ഡി5/33147/2017 നമ്പർ സർക്കുലർ

**ഉത്തരവ് നമ്പർ: PAN/6/2022-E13(DP) (4) തീയതി :11/11/2022**

ഇടുക്കി ജില്ലയിലെ വണ്ണപ്പുറം ഗ്രാമ പഞ്ചായത്തിലെ അക്കൌണ്ടന്റായ ശ്രീ. സി.ഡി. രാജേഷ്., ഫേസ് ബുക്ക് സാമൂഹ്യ മാധ്യമത്തിൽ പഞ്ചായത്ത് വകുപ്പിനെ അപകീർത്തിപ്പെടുത്തുന്ന രീതിയിൽ മോശം പരാമർശം പോസ്റ്റ് ചെയ്തതുമായി ബന്ധപ്പെട്ട് പരിശോധിച്ച് റിപ്പോർട്ട് ലഭ്യമാക്കുന്നതിനു ഇടുക്കി പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർക്ക് പരാമർശം (2) പ്രകാരം നിർദ്ദേശം നൽകിയിരുന്നു.ആയതിന്റെ അടിസ്ഥാനത്തിൽ പരാമർശം (3) പ്രകാരം ഇടുക്കി പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ട്.

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ റിപ്പോർട്ട് പരിശോധിച്ചതിൽ ഫേസ് ബുക്കിൽ 91000 ത്തോളം പേർ അംഗങ്ങളായിട്ടുള്ള " കേരള സർക്കാർ ജീവനക്കാർ " എന്ന പേരിലുള്ള ഗ്രൂപ്പിൽ **Satheesan VS** എന്ന പേരിലുള്ള പ്രൊഫൈൽ ഉപയോഗിക്കുന്ന വ്യക്തിയുടെ പോസ്റ്റിന്റെ കമന്റ് ബോക്സിൽ **Cdrajesh Chamapparayil** എന്ന ഫേസ് ബുക്ക് പ്രൊഫൈൽ ഉപയോഗിക്കുന്ന വ്യക്തി പോസ്റ്റ് ചെയ്ത കമന്റിൽ പഞ്ചായത്ത് ഡയറക്ടറേറ്റിനെയും, ജീവനക്കാരെയും, ILGMS SOFTWARE നെയും അപകീർത്തിപ്പെടുത്തുന്ന രീതിയിൽ കമന്റ് ചെയ്തിട്ടുള്ളതായും വളരെ മോശമായ പദപ്രയോഗവും, ഭാഷാ പ്രയോഗവും നടത്തിയിട്ടുള്ളതായും കാണുന്നു. ടി **Cdrajesh Chamapparayil** എന്ന ഫേസ് ബുക്ക് പ്രൊഫൈൽ ഫോട്ടോ പരിശോധിച്ചതിൽ, ഇടുക്കി ജില്ലയിലെ വണ്ണപ്പുറം ഗ്രാമ പഞ്ചായത്ത് അക്കൗണ്ടന്റായ ശ്രീ. സി. ഡി. രാജേഷ് - ന്റെ ഫോട്ടോയാണ് ടി ഫ്രൊഫൈലിൽ ഉള്ളതെന്നും കൂടാതെ ടി ഫ്രൊഫൈലിൽ Worked at LSGD, ഹെഡ് അക്കൗണ്ടന്റ് at Department of Panchayats Kerala എന്ന് രേഖപ്പെടുത്തിയിട്ടുള്ളതായും കാണുന്നതായി ഇടുക്കി പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

വണ്ണപ്പുറം ഗ്രാമ പഞ്ചായത്തിലെ അക്കൌണ്ടന്റായ ശ്രീ. സി.ഡി. രാജേഷിന്റെ ടി പ്രവൃത്തികൾ 1960 ലെ കേരള സർക്കാർ ജീവനക്കാരുടെ പെരുമാറ്റ ചട്ടങ്ങൾ ചട്ടം 60 ( a), 62, 63 എന്നിവയുടെ ലംഘനമാണെന്ന് കാണുന്നു . കൂടാതെ സർക്കാർ ജീവനക്കാരുടെ സാമൂഹ്യ മാധ്യമങ്ങളിലെ അഭിപ്രായ പ്രകടനം സംബന്ധിച്ച് പരാമർശം (4) (5) സർക്കുലറുകൾ പ്രകാരം നൽകിയിട്ടുള്ള നിർദ്ദേശങ്ങളുടെ നഗ്നമായ ലംഘനമാണെന്നും കാണുന്നു.

ഈ സാഹചര്യത്തിൽ സാമൂഹ്യ മാധ്യമത്തിൽ അപകീർത്തികരമായ പരാമർശം നടത്തുകയും വളരെ മോശമായ പദപ്രയോഗവും, ഭാഷാ പ്രയോഗവും നടത്തുകയും ചെയ്ത് അച്ചടക്ക

ലംഘനം നടത്തിയ വണ്ണപ്പുറം ഗ്രാമ പഞ്ചായത്തിലെ അക്കൌണ്ടന്റായ ശ്രീ. സി. ഡി. രാജേഷിനെ മലപ്പുറം ജില്ലയിലെ കുറുവ ഗ്രാമ പഞ്ചായത്തിലെ അക്കൗണ്ടന്റ് തസ്തികയിലെ നിലവിലുള്ള ഒഴിവിൽ സ്ഥലംമാറ്റി നിയമിച്ച് ഇതിനാൽ ഉത്തരവാകുന്നു. വണ്ണപ്പുറം ഗ്രാമ പഞ്ചായത്ത് സെക്രട്ടറി ടിയാളെ ഈ ഉത്തരവ് ലഭിച്ച ഉടൻ വിടുതൽ ചെയ്ത് വിവരം ഈ ഓഫീസിൽ റിപ്പോർട്ട് ചെയ്യേണ്ടതാണ്.

ഇടുക്കി, മലപ്പുറം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർ ഈ ഉത്തരവ് ഉടൻ പ്രാബല്യത്തിൽ വരുത്തുന്നു എന്ന് ഉറപ്പ് വരുത്തേണ്ടതും ജീവനക്കാരന്റെ വിടുതൽ , സേവനത്തിൽ പ്രവേശിക്കൽ എന്നിവ സമയബന്ധിതമായി ഈ കാര്യാലയത്തിലും ബന്ധപ്പെട്ട മറ്റ് ഓഫീസുകളിലും അറിയിക്കേണ്ടതുമാണ്.

H. DINESHAN IAS
DIRECTOR OF PANCHAYATH

**ശ്രീ. സി. ഡി. രാജേഷ് ,**
**അക്കൗണ്ടന്റ് , വണ്ണപ്പുറം ഗ്രാമ പഞ്ചായത്ത് , ഇടുക്കി ജില്ല**

പകർപ്പ്

1. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ഇടുക്കി, മലപ്പുറം
2. സെക്രട്ടറി, വണ്ണപ്പുറം ഗ്രാമ പഞ്ചായത്ത്, ഇടുക്കി
3. സെക്രട്ടറി, കാലടി ഗ്രാമ പഞ്ചായത്ത് മലപ്പുറം
4. കരുതൽ / അധികം

Signature Not Verified

Digitally signed by DINESHAN H
Date: 2022.11.11 11:54:21 IST
Reason: Approved